AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

THIRUVANANTHAPURAM

**Press Release**

PR . 89/2019 15.07.2019

## വിഷൻ 20-20 - കൃഷിവകുപ്പ് ശില്പശാല ഇന്ന്

കാർഷിക വികസന കർഷകക്ഷേമവകുപ്പ് സംഘടിപ്പിക്കുന്ന ഏകദിന ശില്പശാലയായ വിഷൻ 20-20 ഇന്ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കും. കൃഷിവകുപ്പിലെ മുഴുവൻ കൃഷി ഓഫീസർമാരേയും മറ്റു ഉന്നത ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിക്കുന്ന ശില്പശാല രാവിലെ 10.30-ന് കൃഷിമന്ത്രി വി.എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യും. പ്രളയാനന്തരം കൃഷി വകുപ്പിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ കാർഷിക പരിസ്ഥിതിക മേഖലാ അടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ഇതോടനുബന്ധിച്ച് വകുപ്പിന്റെ പുന:സംഘടനയും ആലോചന വിഷയമാണ്. പ്രളയാനന്തരം പുനർജ്ജനി പ്രവർത്തനങ്ങൾ വിജയകരമായി വളരെ വേഗം നടപ്പിലാക്കിയ കൃഷി വകുപ്പിന്റെ തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും ഫീൽഡ്തല ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ ഇതിനായി ചർച്ച ചെയ്യപ്പെടുന്നതിനും വേണ്ടിയാണ് ശില്പശാല കൃഷിവകുപ്പ് മന്ത്രിയുടെ തന്നെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. ശില്പശാലയിൽ കാർഷികോത്പാദന കമ്മീഷണർ, കൃഷിവകുപ്പ് സെക്രട്ടറി അടക്കം ഉന്നത ഉദ്യോഗസ്ഥരെല്ലാം തന്നെ പങ്കെടുക്കുന്നതായിരിക്കും.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email:**fibtvm@gmail.com
**Telephone:** 0471 2317314